ശ്രീമതി കെ. കെ. നാരായണിയുടെ ഹർജി

1154 [1583] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായി ഗവൺമെൻറ് മാപ്പിള യു. പി. സ്കൂളിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപിക ശ്രീമതി. കെ. കെ. നാരായണിയുടെ പെൻഷൻ ആവശ്യത്തിലേക്ക് തന്റെ സർവ്വീസിലെ ബ്രേക്ക് കൺ ടോൺ ചെയ്തു തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11-6-1984-ൽ വിദ്യാഭ്യാസ വകുപ്പിനയച്ച ഹർജിയിൻമേൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുന്ന ഫയലിൻമേൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത ഹർജി ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

പാഠ പുസ്തകങ്ങളുടെ അച്ചടി

1155 [1586] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) ഈ വർഷം മൊത്തം എത്ര പാഠ പുസ്തകങ്ങൾ അച്ചടിച്ചു ;

(ബി) പാഠ പുസ്തകങ്ങൾ പരിപൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്തു കഴിയാൻ സാധിക്കും ;

(സി) പാഠ പുസ്തകങ്ങൾ എവിടെയാണ് അച്ചടിച്ചത് ;

(ഡി) ഏതെങ്കിലും സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്സുകളുടെ വിവരങ്ങളും ഏൽപ്പിച്ച പുസ്തകങ്ങളുടെ വിവരങ്ങളും ഏതു വിധത്തിൽ ഏൽപ്പിച്ചുവെന്നുള്ള കാരണങ്ങളും വിശദീകരിക്കുമോ ;

(എഫ്) പാഠ പുസ്തകങ്ങൾ ഈ വർഷം വില കൂട്ടാനുണ്ടായ കാരണമെന്താണ് ;

(ജി) പാഠ പുസ്തക വിതരണത്തിന് 1984-85-ലും 1985-86 വർഷത്തിലും ഉണ്ടാകുന്ന ലാഭനഷ്ട കണക്കുകൾ പറയാമോ ;

(എച്ച്) പാഠ പുസ്തകങ്ങളിൽ തെറ്റുകൾ വന്നിട്ടുണ്ടോ ; എങ്കിൽ വന്ന തെറ്റുകൾ മുഴുവനും പരിഹരിച്ചുവോ ;

(ഐ) ഈ തെറ്റുകൾ വരാനുണ്ടായ കാരണമെന്താണ് ?

ഉത്തരം

(എ) 190 ലക്ഷം പാഠ പുസ്തകങ്ങൾ.

(ബി) ഈ മാസാവസാനത്തോടെ എല്ലാ പാഠ പുസ്തകങ്ങളും വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. തൃക്കാക്കരയിലുള്ള ടെക്സ്റ്റ് ബുക്ക് പ്രസ്സ്.
2. കണ്ണൂരുള്ള ഗവൺമെന്റ് പ്രസ്സ്.
3. രണ്ട് സ്വകാര്യ പ്രസ്സുകൾ.

(ഡി) ഉണ്ട്.

(ഇ) തൃപ്തികരമായി അച്ചടിക്കുവാൻ കഴിവുള്ള പ്രസ്സുകളിൽ നിന്നും അവരുടെ അച്ചടി കൂലി നിരക്കുകൾ വാങ്ങി പരിശോധിക്കുകയും ഏറ്റവും ചെറിയ നിരക്കുകൾ രേഖപ്പെടുത്തിയ താഴെ പറയുന്ന രണ്ട് പ്രസ്സുകളെ അച്ചടി ജോലി ഏൽപ്പിക്കുകയും ചെയ്തു.

1. കുമുദം പ്രിന്റേഴ്സ് മദ്രാസ്.
സാമൂഹ്യശാസ്ത്രം, സ്റ്റാന്റേർഡ്–6
അടിസ്ഥാന ഗണിതം, സ്റ്റാന്റേർഡ്–6
കേരള പാഠാവലി, സ്റ്റാന്റേർഡ്–1
2. കോറണേഷൽ ലിത്തോ–വർക്സ്, ശിവകാശി.
അടിസ്ഥാന ശാസ്ത്രം, സ്റ്റാന്റേർഡ്–6.

(എഫ്) കടലാസ്സിന്റെ വില വർദ്ധനവും അച്ചടിക്കൂലിയിലുള്ള വർദ്ധനവും.

(ജി) കണക്കുകൾ പൂർണ്ണമായിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) തെറ്റുകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ വർഷവും പുനഃപ്രസാധനം ചെയ്യുന്നതിന് മുമ്പ് പരിശോധനകൾ നടത്തിയ ശേഷമാണ് അച്ചടിക്കുന്നത്.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

അരിയിൽ എ.യു.പി. സ്കൂൾ മാനേജ്മെന്റ് കൈമാറുന്നതിനു അനുവാദം

1156 [1587] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അരിയിൽ എ.യു.പി. സ്കൂൾ മാനേജിമെന്റ് മറ്റൊരാൾക്ക് കൈമാറുന്നതിനു ഡി. പി. ഐ. അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളിന്റെ മാനേജ്മെന്റ് കൈമാറുന്നതു സംബന്ധിച്ചു ഡി. പി. ഐ. ക്കു ആരിൽ നിന്നെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) സ്കൂൾ മാനേജ്മെന്റ് കൈമാറുന്നതിനു പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരുടെ സമ്മതം ഉണ്ടായിരുന്നോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്കൂൾ അദ്ധ്യാപക ആക്ഷൻ കൗൺസിൽ കൺവീനറിൽനിന്നും ഒരു പരാതി വിദ്യാഭ്യാസ ഡയറക്ടർക്കു ലഭിച്ചു. പരാതി പരിശോധിച്ചു വരുന്നു.

(സി) ഒരു വിഭാഗം അദ്ധ്യാപകരുടെ സമ്മതം ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly